കൊച്ചിയിൽ ബഹുനില ഫ്ളൈ ഓവറുകളുടെ നിർമ്മാണം

60 (1999) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ ബഹുനില ഫ്ളൈ ഓവറുകൾ നിർമ്മിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ബി) ഇതിന് എന്ത് ചെലവ് വരും ; അതെങ്ങനെ കണ്ടെത്താനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബഗ്ളാംകടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി

61 (2000) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ നദിക്കു കുറുകെ വടശ്ശേരിക്കരയിൽ നിർമ്മിക്കുന്ന ബംഗ്ലാം കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) പാലം പണി പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) എന്തൊക്കെ പണികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ശബരിമല തീർത്ഥാടകർക്ക് റാന്നി-വടശ്ശേരിക്കര ദൂരം 5 കി. മീറ്ററോളം കുറയ്ക്കുവാൻ സഹായിക്കുന്ന ഈ പാലം അടിയന്തിരമായി പൂർത്തീകരിച്ച്, ഈ ശബരിമല ഉത്സവ സീസണു മുൻപായി തുറന്നു കൊടുക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) പാലംപണി പൂർത്തിയാവുമ്പോൾ ബംഗ്ളാംകടവ്-മൂക്കം റോഡിന്റെ പാലത്തിനോടു ചേർന്നുള്ള ഭാഗത്ത് എത്ര മീറ്റർ സ്ഥലമാണ് പാലത്തിന്റെ അപ്രോച്ച് റോഡിനായി എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ ഭൂമി എടുത്തു കഴിയുമ്പോൾ നിലവിലുണ്ടായിരുന്ന റോഡിന് എത്ര മീറ്റർ വീതിയാണ് അവശേഷിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ആയിരക്കണക്കിനാളുകൾ സഞ്ചരിക്കുന്ന ബംഗ്ളാംകടവ്-മൂക്കം റോഡിന്റെ പാലത്തിനോട് ചേർന്നുള്ള ഭാഗത്തിന്റെ വീതി 8 മീറ്ററാക്കി നിലനിർത്തി റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ പാലത്തിന്റെ 2 അബട്ട്മെന്റും 7 പിയറും പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ ആകെയുള്ള 8 സ്പാനിൽ 6 എണ്ണത്തിൽ ഡെക്ക് സ്ലാബ് പൂർത്തിയായി. ബാക്കി 2 എണ്ണത്തിന്റെ പണി പുരോഗമിക്കുന്നു. അപ്രോച്ച് റോഡിന്റെ പണികൾ 80% പൂർത്തിയായിട്ടുണ്ട്.

(ബി) പാലം നിർമ്മാണത്തിനുവേണ്ടി ഭൂമി ലഭിക്കാനുണ്ടായ കാലതാമസവും ഡിസൈനിൽ ചില വ്യതിയാനങ്ങൾ വരുത്തേണ്ടി വന്നതും പാലത്തിന്റെ പണി വൈകാൻ കാരണമായിട്ടുണ്ട്.

(സി) രണ്ടു സ്പാനിന്റെ സ്ലാബുവാർക്കലും അപ്രോച്ച് റോഡിന്റെ മെറ്റലിംഗ്, ടാറിംഗ് പണികളും പാലത്തിന്റെ കൈവരി തുടങ്ങിയ ഫിനിഷിംഗ് ജോലികളും പൂർത്തീകരിക്കാനുണ്ട്.

(ഡി) ശബരിമല ഉത്സവ സീസണു മുൻപ് പാലം തുറന്നുകൊടുക്കാൻ കഴിയും വിധം പാലം പണികൾ പുരോഗമിച്ചുവരികയാണ്.

(ഇ) ശരാശരി 18 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമാണ് അപ്രോച്ച് റോഡിനുവേണ്ടി സ്ഥലം എടുത്തത്.

(എഫ്) ശരാശരി 3 മീറ്റർ.

(ജി) വിശദമായ പരിശോധനയ്ക്കുശേഷം ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തോട്ടുവക്കം നടുവില പാലം വീതി കൂട്ടുവാൻ നടപടി

62 (2001) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം-വെച്ചൂർ റോഡിലെ തോട്ടുവക്കം നടുവില പാലം പൊളിച്ച് വീതികൂട്ടി പണിയുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പാലത്തിന്റെ പണി തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly